സൈക്കിൾകാലം

എൻ.പി. ഹാഫിസ് മുഹമ്മദ്

# കാലൊന്നു തട്ടിയാൽ മിന്നിപ്പായും കുതിര




ചങ്ങാതിമാരിൽ അന്നും ഇന്നും, എന്റെ ഇടത്തും വലത്തും ഫസലും, മുസ്തഫയുമാണ്. പകരം വെക്കാനാകാത്ത സൗഹൃദമാണത്. ഫസൽ എന്റെ കൂടെ ഒന്നു മുതൽ പത്തു വരെ പഠിച്ചയാൾ. പലകാര്യങ്ങളിലും ഞങ്ങൾക്കിടയിൽ അസാധാരണമായ സമാനതകൾ. ചങ്ങാതിമാർ ഞങ്ങളെ ഫസലാഫീസ് എന്നു വിളിച്ചു പോരുന്നു. കൗമാരം കഴിയുന്ന കാലം വന്നു കേറിയ ചങ്ങാതിയാണ് മുസ്തഫ. പഠിക്കുന്ന കാലത്തേ ജോലിക്കു പോയി വരുമാനം ഉണ്ടാക്കിയിരുന്ന മുസ്തുവും, ഡിഗ്രി കഴിഞ്ഞ ഉടനെ ജോലിക്കു ചേർന്ന ഫസലും എന്റെ രക്ഷകർ കൂടിയായി. പഠനകാര്യത്തിന്നപ്പുറമുള്ള എന്തിനുമേതിനും സകല ചെലവുകളും വഹിക്കുന്ന അവർക്കു രണ്ടു പേർക്കും സ്വന്തമായി സൈക്കിളുണ്ടായിരുന്നു. ഒന്നുകിൽ ഫസലിന്റെ, അല്ലെങ്കിൽ മുസ്തുവിന്റെ സൈക്കിളിന് മുന്നിലോ പിന്നിലോ എനിക്കൊരിരിപ്പിടം. കോഴിക്കോട്ടങ്ങാടിയിലും പരിസരങ്ങളിലും വീര യാത്രകൾ നടത്തു

# തീവണ്ടിക്കൊപ്പം സൈക്കിളിൽ

സൈക്കിൾകാലം

പി. മുസ്തഫ



സൈക്കിളിനെക്കുറിച്ചോർക്കുമ്പോൾ ഉള്ളിൽ തെളിയുന്നത് ബാല്യ കൗമാരങ്ങളാണ്. കൗമാരത്തിന്റെ ഇടവഴികൾക്ക് സൈക്കിൾ ബെല്ലിന്റെ ശബ്ദമായിരുന്നു. യൗവനത്തിന്റെ തിരിവിനും ആ മണികിലുക്കമുണ്ടായിരുന്നു. ജീവിതത്തിന്റെ ഏതൊക്കെയോ ഇടവഴികളിലേക്ക് വഴി തിരിഞ്ഞെങ്കിലും സൈക്കിൾ കൂട്ടിയിണക്കിയ ബന്ധങ്ങൾക്കൊന്നും തേയ്മാനം വന്നിട്ടില്ല.

കോഴിക്കോട്ടുകാരായിരുന്നു ഞങ്ങൾ. എന്നും വൈകുന്നേരം ഒത്തു ചേരുന്ന അഞ്ചു പേർ. പഴയ സൈക്കിൾ കമ്പനി. ഓർമിക്കാൻ ഒരുപാടുണ്ട്. സൈക്കിളുമൊത്തുള്ള ബാല്യത്തിന്റെ കുതൂഹലങ്ങൾ.

സൈക്കിളിൽ ഇരുന്ന് ഉറങ്ങുന്നൊരാൾ. ഉള്ളിലെ ഓർമയിൽ തെളിഞ്ഞു നിൽക്കുന്ന ഹാഫിസിന് അങ്ങിനെയൊരു ചിത്രമാണ്.

മ്പോൾ സൈക്കിളാഞ്ഞ് ചവിട്ടിയ അവർ എന്റെ ഭാരം പേറിക്കൊണ്ടേയിരുന്നു.

മുസ്തുവിന്റെ സൈക്കിൾ സാഹസങ്ങൾ ഞാനന്തംവിട്ടു ആസ്വദിച്ചിട്ടുണ്ട്. ഒരാൾക്കു തന്നെ വലിച്ച് ചവിട്ടിയാൽ കിതച്ചു തളർന്നു പോകുന്ന ചാലപ്പുറം കൊക്കോഴിക്കോട് കയറ്റവും, മാങ്കാവ് വളയനാട് ഭീകര കയറ്റവും പൂവ് പൂവ് പോലെ എന്നെയും പിന്നിൽ കേറ്റി മുസ്തു ചവിട്ടിക്കേറ്റും. സൈക്കിളിൽ മിന്നും വേഗത്തിൽ പറക്കുമ്പോൾ സഡൺ ബ്രേക്കിട്ടു നിർത്തും. മലർന്ന് കിടന്നും, സൈക്കിൾ യജ്ഞം നടത്തും. ആ നാളിലെ സൈക്കിളോട്ട മത്സരങ്ങളിലും മുസ്തുവുണ്ടാകും. സൈക്കിൾ സ്ലോ റൈസിലും മുസ്തുവുണ്ടാകും മീൻ കയറ്റി പറക്കുന്നവരോട് മാത്രമേ മുസ്തു തോൽക്കാറുള്ളു.

ഫസലിനും സൈക്കിൾ സ്വന്തമായുണ്ട്. അതല്ല പ്രധാനം. സൈക്കിളിന്റെ സാങ്കേതിക വശങ്ങളിൽ ഫസൽ മുങ്ങിക്കുളിച്ചിരിക്കുന്നു എന്നതാണൽഭുതം. ഒരു സൈക്കിൾ അല്ലിച്ചില്ലിയാക്കി വേർപെടുത്തി ഒരു പെട്ടിയിലിട്ടു കൊടുക്കുക. അദൃശ്യമായ ഒരു പുസ്തകം തുറന്നു വായന നടത്തി, നാലഞ്ച് മണിക്കൂറുകൊണ്ടു ഫസലത് ഏച്ചു കൂട്ടി നല്ലൊരു ചവിട്ടുവണ്ടിയാക്കിത്തരും. സൈക്കിളിന്റെ ഏതു തകരാറുകൾക്കും ശാസ്ത്രീയ ചികിൽസയുള്ളയാൾ ഫസൽ. എങ്ങിനെ ചാഞ്ഞും, ചരിഞ്ഞും ചവിട്ടിയാൽ ക്ഷീണം തോന്നുകയില്ല, എങ്ങിനെ ചവിട്ടിയാൽ കൂടുതൽ ആരോഗ്യകരം എന്നതൊക്കെ ഫസലിനറിയാം. സൈക്കിൾ യജ്ഞത്തിൽ ബിരുദാനന്തര ബിരുദം നേടിയ ആൾ.

സൈക്കിളിന്റെ സാഹസികതയും ശാസ്ത്രീയതയും എന്റെ ഇടതു വലതും കിടന്ന് കമ്പികൾ കാണാത്ത വിധം കറങ്ങുമ്പോൾ എനിക്കും മോഹം. സെക്കൻ ഹാന്റായായും തരക്കേടില്ല, എനിക്കും വേണം ഒരു സൈക്കിൾ.

എം. എക്കു പോയ കാലം സൈക്കിളധികം കണ്ടിട്ടില്ല. സൈക്കിളിലധികം ഇരുന്നിട്ടുമില്ല. അപ്പോഴെക്കും മുസ്തു ഒന്നാംതരം ഫോട്ടാഗ്രാഫറായി. ഫസൽ ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയിൽ ഡവലപ്പ്മെന്റ് ഓഫീസറായി. എം.എ. കഴിഞ്ഞ് നാട്ടിലേത്തിയപ്പോൾ ഫസലിന് സൈക്കിളിനു പകരം സ്കൂട്ടർ. മുസ്തു വല്ലപ്പോഴും വെട്ടിപ്പറക്കുന്നത് സൈക്കിളിൽ. നാട്ടിലെത്തിയയുടനെ എം.എ പരീക്ഷാ ഫലം വരും മുമ്പേ ഡോ. പുനത്തിൽ കുഞ്ഞബ്ദുല്ല മുഖ്യപത്രാധിപരായ *ജീവരാഗം* മാസികയിൽ അഞ്ഞൂറുരുപ മാസവേതനത്തിന് സബ് എഡിറ്ററായി. വീട്ടിൽ ആദ്യവേതനം തൊട്ട് ഒരോഹരി കൊടുക്കുമ്പോൾ കാത്തു സൂക്ഷിച്ചിരുന്ന മറ്റൊരോഹരി സ്വരൂപിച്ച് അഞ്ഞൂറായി, എണ്ണൂറായി എണ്ണൂറ്റിയമ്പതായി... ഇനിയത് ചോർന്നു പോയാലോ. ഒടുവിലത് ഫസൽ സമക്ഷം സമർപ്പിച്ചു. എനിക്കൊരു സൈക്കിൾ വാങ്ങണം.

പഴയ സൈക്കിളിൽ വലിയ ഭാരം കുത്തി നിറച്ച് ക്യാമറകളുമായി കോഴിക്കോട്ടും പരിസരങ്ങളിലും ഫോട്ടോ പിടിച്ചു മിന്നുന്ന മുസ്തുവിനോടു പറയാതെ ഫസലിനോടു സൈക്കിൾ സ്വപ്നം പകുത്തതിനു കാരണമുണ്ട്. സൈക്കിൾ എതായിരിക്കണം, എങ്ങിനെയായിരിക്കണം എന്നതിനു അന്വേഷണം നടത്തേണ്ടതില്ല. ഫസലിന്റേത് അവസാന വാക്ക്. രണ്ടാമത്തെ കാര്യം, സൈക്കിൾ വാങ്ങാൻ സ്വരൂപിച്ച കാശ് മതിയായില്ലെന്നതിനാൽ ഫസലിന്റെ കീശയേയും സ്നേഹത്തേയും വീണ്ടും ആശ്രയിക്കുകയല്ലാതെ മറ്റൊരു സൈക്കിൾ പാതയും മുന്നിലില്ല.

ന്യൂ ഇന്ത്യയിൽ നിന്നും ഇറങ്ങിയ ഞങ്ങൾ കോഴിക്കോട്ടെ സൈക്കിൾ ഷാപ്പുകളിൽ പരതി, പല

അവനെ ഒപ്പം കൂട്ടി സൈക്കിളിൽ പോയാൽ വെട്ടിലാവും. ഇരുന്ന് ഉറങ്ങിക്കളയും. ഇങ്ങനെ, സൈക്കിളിൽ ഇരുന്ന് ഉറങ്ങുന്ന ഒരേയൊരാൾ, ഒരു പക്ഷേ, ഈ ഭൂലോകത്ത് ഹാഫിസ് മാത്രമായിരിക്കും.

കോഴിക്കോട്ടെ നിരത്തുകൾക്കൊക്കെ ഞങ്ങളെ അറിയാം. ഞങ്ങളുടെ സൈക്കിളിനെയും. രാത്രി സിനിമക്ക് പോയി വരുമ്പോൾ ചിലപ്പോളൊക്കെ പോലിസ് പിടികൂടും. ഡബിൾ അടിച്ചതിന്. സൈക്കിളിൻെറ കാറ്റ് അഴിച്ചു വിടാതെ അവർ അടങ്ങില്ല. പണ്ട് പോലിസിൻെറ അധികാരപരിധി സൈക്കിളിൻെറ കാറ്റ് അഴിച്ചു വിടുന്നതിലായിരുന്നു. എന്നാലും അതിനൊരു ഹരമുണ്ടായിരുന്നു. സൈക്കിളും ഉരുട്ടി രാത്രിയിൽ വീട്ടിലേക്കുള്ള നടത്തം.

സൈക്കിൾ ചവിട്ട് നല്ല എക്സർസൈസ് ആണെന്ന് ഇപ്പോഴറിയാം. പെട്ടെന്നൊന്നും അസുഖം വരില്ല. അന്ന് നല്ല ആരോഗ്യം ഉണ്ടായിരുന്നു.

അന്നത്തെ പെരുന്നാളുകൾ സൈക്കിളിന്റെ കിലുക്കമുള്ളവയായിരുന്നു. വാടകക്ക് സൈക്കിൾ എടുത്ത് ചവിട്ടലായിരുന്നു പെരുന്നാൾ നാളിലെ പ്രധാന കലാപരിപാടി. തലേദിവസം തന്നെ സൈക്കിൾ ബുക്ക് ചെയ്തിരിക്കും അല്ലെങ്കിൽ സൈക്കിൾ കിട്ടില്ല. റോഡും ഊടുവഴികളുമെല്ലാം അന്ന് സൈക്കിൾ ചവിട്ടുകാരുടെ പിടിയിലായിരിക്കും. പെരുന്നാൾ എന്നാൽ അന്ന് സൈക്കിൾ ഓട്ടം എന്നായിരുന്നു.

മഡ്ഗാഡിൻെറ കമ്പിയിൽ ബലൂൺ കെട്ടിത്തൂക്കി കടകട ശബ്ദമുണ്ടാക്കിയാണ് ഓടിക്കുന്നത്. ബലൂൺ കുറേ കഴിയുമ്പോൾ പൊട്ടും. വീണ്ടും വേറെ ബലൂൺ വാങ്ങി കെട്ടണം.

ഇന്ത്യൻ എക്സ്പ്രസിൽ ഫോട്ടോഗ്രാഫറായി ചേർന്ന കാലത്തും കൂട്ട് സൈക്കിളായിരുന്നു. അതൊരു രസമുള്ള കാലമായിരുന്നു. സൈക്കിളിൽ ക്യാമറ ബാഗും തൂക്കിയാണ് ന

വട്ടം. അറ്റ്ലസ്, ഹീറോ, ബി.എസ്.എ, ഹെർക്കുലിസ് ...... ഫസൽ വിവരങ്ങളന്വേഷിക്കും. അതില്ലാതെ എന്തു വില.? ഇതില്ലാതെ എന്തു വില? ഞാൻ കേൾവിക്കാരനായി ഈ വാങ്ങുന്ന സൈക്കിൾ എനിക്കല്ലെന്ന മട്ടിൽ ഫസലിനു പിന്നിൽ മറപറ്റി നിന്നു. നാലഞ്ചു ഷാപ്പിൽ നിരങ്ങിത്തെളിഞ്ഞപ്പോൾ എല്ലാം തീരുമാനമായി. അങ്ങിനെ ആയരത്തി തൊള്ളായിരത്തി എൺപത്തി ഒന്നിൽ ഒരു ബി.എസ്.എ. പുതുപുത്തൻ സൈക്കിൾ എനിക്കു സ്വന്തമായി.

പുതിയതായതു കൊണ്ടു മാത്രമല്ല. അഡീഷനൽ ഫിറ്റിങ്സ് ഫസൽ ഗവേഷണം നടത്തി തിരഞ്ഞെടുത്തതു കൊണ്ടും എന്റെ സൈക്കിളിനു ഗമയേറെയായിരുന്നു. കുഷ്യനുള്ള ഇരിപ്പിടം. ഏതു കൂരിരിട്ടും തുളക്കുന്ന ഹെഡ് ലൈറ്റ്. കൈതൊട്ടാൽ തന്നിടം നിൽക്കുന്ന ബ്രേക്ക്. മുന്നിലെ തണ്ടിന്ന് വരവീഴാതിരിക്കാൻ പ്ലാസ്റ്റിക്ക് കുപ്പായം, പെഡലിന്മേൽ സ്പോഞ്ച് കവർ. കാലൊന്നു തട്ടിയാൽ മിന്നിപ്പായും കുതിര.

ഞാൻ മുസ്തുവിനോടു പറയും, മുണ്ട് മാടിക്കുത്തിയിരിക്കുമ്പോൾ സൂക്ഷിക്കണം, അഥവാ കെട്ടഴിഞ്ഞ് മുണ്ടിനറ്റം പെഡലിന്മേൽ ഒരു മൃദുസ്പർശ്ശം നടത്തിയാൽ എന്റെ സൈക്കിൾ കുതികുതിക്കും. മുസ്തുവിന്റെ സൈക്കിളപ്പോഴേക്കും തുരുമ്പ് കോറി വയസ്സറിയിച്ചു കഴിഞ്ഞിരുന്നു. പിൻസീറ്റാഞ്ഞ് ഇളകിയാടി ദം അർദം പാടും. സ്റ്റാന്റ് വയസ്സന്മാരുടെ പല്ല് പോലെ. ഞാൻ മുസ്തുവിന്റെ സ്റ്റുഡിയോക്ക് താഴെ സൈക്കിൾ നിർത്തി പ്രഖ്യാപിച്ചു ഇതു സാക്ഷാൽ ബൂറാഖ്..

സ്കൂളിലെ മത പഠന ക്ലാസിലെപ്പോഴോ കേട്ടതാണ് ബുറാഖ്. പറക്കും കുതിര. പ്രവാചകൻ ബുറാഖിന് പുറത്തു കേറി പറന്ന് പറന്ന് ഏഴാമാകാശങ്ങൾ പിന്നിട്ട്... പറക്കും കുതിരയിൽ ഞാനതാ കോഴിക്കോട് മഹാനഗരത്തിന്റെ ആകാശാതിർത്തികൾ കാണുന്നു, കണ്ടെത്തുന്നു.

ബുറാഖിന് പ്രത്യേക ശ്രദ്ധ വേണം, നിരപ്പായ ഇടങ്ങളിലേ നിർത്തൂ. പൊടിപിടിക്കാതിരിക്കാൻ തുണി മൂടി. പൊടി പിടിച്ചാൽ തുടച്ചു മിനുക്കണം. വീൽചക്രപ്പല്ലുകൾക്കിയിൽ ഇടക്ക് ഓയിലിടണം ഇടക്കു കുളിപ്പിക്കും. തുടച്ച് ഇളം വെയിലത്തു വെച്ചു ഉണക്കിയെടുക്കും. ചവിട്ടുമ്പോൾ കുണ്ടു കുഴികൾ വെട്ടിക്കാനാകാതെ വരുമ്പോൾ ചാടിയിറങ്ങി പിൻചക്രമുയർത്തി ഉന്തി നീക്കും. മഴ കൊണ്ടു കുടാ. മഴ കൊണ്ടാലോ തല തുടച്ചു വൃത്തിയാക്കും, ഇടക്കാരും കാണാതെ ബുറാഖിന്റെ ഹാന്റിലിൽ ഒരു ചുടു ചുംബനം കൊടുക്കും

മുസ്തുവിനൊപ്പം സെക്കന്റ് ഷോ കഴിഞ്ഞ് മടങ്ങുമ്പോൾ മൂരിയാട് കഴിഞ്ഞാൽ ഞാനും ബുറാഖും മാത്രം. വീട്ടിലേക്ക് ഒരു കിലോമീറ്ററോളം പിന്നേയും മുന്നോട്ട്. ഞാനന്നേരം ബുറാഖുമായി സംസാരിച്ചു തുടങ്ങും. അറിഞ്ഞില്ലേ ഞാനിതാ പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചലച്ചിത്രാസ്പദ കോഴ്സിനു പോകുന്നു. ഒന്നൊന്നരമാസം ഇനി നിന്നെക്കാണില്ല, കേട്ടോ. ചിലപ്പോ അവിടെത്തന്നെ കൂടിയെന്നു വരും, നിനക്ക് വിഷമാവ്വോ? ബുറാഖിന്റെ ഹാന്റിലിളകുന്നു. വിഷമാവും, ന്നാലും തിരിച്ചു വരൂലോ, ഞാൻ. ഹെഡ് ലൈറ്റ് തടവി പറയുന്നു, വരൂ,ട്ടോ.

ബുറാഖ് തുടച്ചു മിനുക്കുന്നതിനിടയിൽ വർത്തമാനം പറയുന്നത് കണ്ട് യാസുവും, ബാവുവും പറഞ്ഞു ഉവ്വയ്ക്ക് നല്ല വട്ടു തന്നെ. ഞാൻ പെങ്ങന്മാരെ നോക്കാതെ പറയും ഇതെന്റെ പൊന്നു ബൂറാഖാ. അധികം പരിഹസിച്ചാൽ ഇനി ബുറാഖിൽ കേറ്റി ഇടവഴി ചുറ്റില്ലെന്നും, ആഗസ്ത് പതിനഞ്ചിന് സ്കൂളിൽ കൊണ്ടു പോയി വിടില്ലെന്നും ഭീഷണിപ്പെടുത്തും.

ടത്തം. അന്നന്നെടുത്ത പടങ്ങൾ പത്രം ഓഫീസിലേക്ക് അയക്കാൻ ഇന്നുള്ള സൗകര്യങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. കൊച്ചിയിലായിരുന്നു പത്രം അടിച്ചിരുന്നത്. ട്രെയിനിൽ പടം കൊടുത്തയക്കണം. ഫോട്ടോ എടുത്ത് പ്രിൻറ് എടുത്ത് ട്രെയിനിലെ ഗാർഡിൻെറ കൈയിൽ കൊടുത്തയക്കണം. പടവുമായി ട്രെയിൻ പിടിക്കാനുള്ള ഒരോട്ടമായിരുന്നു.

ഇന്നത്തെ മാതിരി അല്ല അന്ന് കാര്യങ്ങൾ. ഇന്നത്തെ അത്ര പത്രങ്ങളില്ല. ഇത്രയും ഫോട്ടോഗ്രാഫർമാരും.

കല്ലായിപ്പുഴയുടെ തീരത്ത് വൈകുന്നേരം തീവണ്ടിപ്പുക ഉയരുന്നത് കണ്ടാൽ ഉള്ളിൽ തീയാണ്. പുകക്ക് മുമ്പേ പാഞ്ഞെത്തണം. അതൊരു പാച്ചിലാണ്.

പാഞ്ഞു പോകുന്ന സൈക്കിളും അതിൽ ഒരു ക്യാമറ ബാഗും കണ്ടാൽ ആളെ കാണാതെ തന്നെ നാട്ടുകാർ പറയും. ഞമ്മടെ മുസ്തഫയല്ലേ ആ പോണത്. ഓൻ തീവണ്ടിയിൽ ഫോട്ടോ കൊടുത്തയക്കാൻ പായ്യാണ്.

കിതച്ചെത്തുമ്പോൾ ചിലപ്പോൾ വണ്ടി വിട്ടുപോയിക്കാണും പിന്നെ ട്രാൻസ്പോർട്ട് ബസ് സ്റ്റാൻറിലേക്ക് പറക്കണം. ഓടിച്ചെല്ലുമ്പോൾ ചിലപ്പോൾ റെയിൽവേ ഗാർഡ് ചോദിക്കും. 'നീ എന്തു വിചാരിച്ചു, ഇന്ത്യൻ റെയിൽവേ നിൻെറ ഫോട്ടോ കൊടുക്കാൻ വേണ്ടി ഓടിക്കുന്നതാണ് എന്നോ' കെഞ്ചി നോക്കിയിട്ടും ഗാർഡ് പച്ചക്കൊടി കാട്ടിയില്ലെങ്കിൽ സൈക്കിൾ ട്രാൻസ്പോർട്ട് സ്റ്റാൻറിലേക്ക് തന്നെ പായേണ്ടി വരും.'

എന്നാലും പത്രത്തിൽ അന്നേ ദിവസം ആ പടം വരില്ല. പിറ്റേ ദിവസമായിരിക്കും പടം അച്ചടിച്ചു വരുന്നത്.

1983ൽ സൈക്കിൾ കളവ് പോയതിന് ശേഷമാണ് ഞാൻ സൈക്കിൾ ഉപേക്ഷിച്ചത്. ●



സത്യമായും ബുറാഖ് എന്നോടു സംസാരിക്കാറുണ്ടായിരുന്നു. ഫറൂഖ് കോളേജിൽ അദ്ധ്യാപക ജോലിയുടെ ഇന്റർവ്യൂവിനു ഒരുങ്ങുന്ന നാൾ അക്കാര്യമറിഞ്ഞു ബുറാഖ് ചോദിച്ചിരുന്നു. പഠിപ്പിക്കുന്നതിഷ്ടാണോ? ഞാൻ പറഞ്ഞു, പെരുത്തിഷ്ടം. ബുറാഖ് പ്രവചിച്ചിരുന്നു 'ഈ ജോലി ഇയാൾക്കെന്തായാലും കിട്ടും. കോളേജിൽ ലക്ചററായപ്പോൾ പല മാന്യന്മാരുടെയും ചോദ്യം, ഇനി സൈക്കിളൊഴിവാക്കിക്കൂടേ. ഞാനവർക്കു തൃപ്തികരമായ ഉത്തരമേകിയില്ല. പക്ഷേ ഞാനെന്നോടു പറഞ്ഞു. എന്റെ പൊന്നു ബുറാഖിനെ ഒഴിവാക്കേ ?'

വീട്ടിൽ നിന്നു നഗരാതിർത്തി വരെ ബുറാഖ് യാത്ര. പിന്നെ ബസ്സിൽ കോളജിലേക്കും. സിദ്ദീഖ് എന്ന ചങ്ങാതിയുടെ വീട്ടിലാണ് സൈക്കിൾ വെക്കുക. ഉച്ചക്ക് ശേഷം വീണ്ടും ബുറാഖിൽ നഗരത്തിൽ.

ഒരിക്കൽ കോളജിലെ ഒരു പ്രൊഫസർ കോഴിക്കോട് നഗരത്തിൽ വെച്ച് ഞാൻ ബുറാഖിൽ പറപറക്കുന്നത് കണ്ട്, ആദ്യം കണ്ണുമിഴിച്ചു. പിന്നെ എന്നെ കാണാത്തതു പോലെ തല തിരിച്ചു. പിറ്റേന്നു കോളജിൽ വെച്ചു എന്നെ വിളിച്ചു സ്നേഹത്തോടെ മെല്ലെ പറഞ്ഞു. ഹാഫിസ് ഒന്നും വിചാരിക്കരുത്. ഞാൻ ഇഷ്ടം കൊണ്ടു പറയ്യാണ്, യു ഹാവ് ടു ഗിവ് അപ് യുവർ സൈക്കിൾ, റിമംബർ യു ആർ എ കോളജ് ടീച്ചർ നൗ.

ഞാനൊന്നും പറഞ്ഞില്ല. പദവികളുടെ ചിഹ്നങ്ങൾ മറ്റുള്ളവർ വായിച്ചെടുക്കുന്നതിന്റെ വേരുകളെനിക്കറിയാതല്ല. പക്ഷേ, എനിക്കു സൈക്കിളിഷ്ടമായിരുന്നു. എനിക്ക് എന്റേതായ ഏതിനോടും കൈവെടിയാനാവാത്ത ഒരടുപ്പമുണ്ടുതാനും.

സൈക്കിളിനു പകരം സ്കൂട്ടറോ ബൈക്കോ വാങ്ങണം എന്നു ചിലർ പറയുമ്പോൾ വാങ്ങണമെന്നു പറഞ്ഞിരുന്നു ഞാനും. പക്ഷേ അതു സൈക്കിളിനു പകരമല്ലേ. മുസ്തഫ ഒരു ഹീറോ ഹോണ്ട വാങ്ങിക്കഴിഞ്ഞിരുന്നു. ഫസലിനോ ഒരു യസ്ഡി സ്വന്തം. മൂവർ സംഘത്തിന്റെ യാത്രകളിൽ എന്റെ ബുറാഖ് ചില്ലറ തടസ്സങ്ങൾ സൃഷ്ടിക്കാനും കാരണമായിക്കൊണ്ടിരുന്നു. പലപ്പോഴും ബുറാഖിനെ ഒരിടത്തു കെട്ടി യെസ്ഡിയിലായിരുന്ന എന്റെ യാത്ര. ഫസലും പറഞ്ഞു, വണ്ടി വേണം. വണ്ടി വാങ്ങുകയും ചെയ്തു. കോളജിൽ അദ്ധ്യാപകനായ് അഞ്ചാം കൊല്ലം ഡിഗ്രിയും കഴിഞ്ഞു ഗൾഫിലേക്കു പോയ സുബൈർ എന്ന സഹപാഠിയും ഫസലും സഹായിച്ചപ്പോൾ എൻഫീൽഡിന്റെ എക്സ്പ്ലോറർ എന്ന കൊബൈക്ക് എനിക്കു സ്വന്തമായി.

അപ്പോൾ ബുറാഖിനെ എന്തു ചെയ്യും. വല്ല സൈക്കിൾ കടക്കാർക്കും കൊടുത്തേക്ക്. ഉമ്മയുടെ ഉപദേശം. ഒഴിവാക്കാൻ മനസ്സില്ല. പിന്നെ വാടകക്കെടുത്തു കുണ്ടന്മാർ എന്റെ ബുറാഖിനെ അവിടെയുമിവിടെയും കൊണ്ടുപോയിടുന്നതും, വീഴ്ത്തുന്നതും കാണാനുമാവില്ല. വീട്ടിൽ അടുക്കളയോട് ചേർന്ന് ഷെഡ്ഡിൽ ബുറാഖിനെ കെട്ടിയിട്ടു.

ഇടക്കു ആരും കാണാതെ ഞാൻ ബുറാഖിനടുത്തെത്തും. തുടച്ചു വൃത്തിയാക്കും. ഇടക്കെടുത്തു ചവിട്ടും. അപ്പോഴേക്ക് മഡ്ഗാഡിനു തുരുമ്പ് കേറി. ചെയിൻ കവർ പൊട്ടി. ബെല്ലടിയാതെയായി. ഹെഡ് ലൈറ്റിലേക്കുള്ള വയർ മുറിഞ്ഞു കിടന്നു. ഇടക്ക് സ്വയം പഞ്ചറായി.

ഒരു നാൾ ഉമ്മയുടെ ചോദ്യം. നമ്മുടെ മീൻകാരൻ നിന്റെ സൈക്കിളെടുക്കട്ടേ എന്നു ചോദിക്കുന്നു. വെറുതെ കിടന്നു തുരുമ്പ് പിടിക്കല്ലേ.? ബുറാഖിനെയോ? ഞാനറിയാതെ ചോദിച്ചു പോയി. ബുറാഖല്ല, കുറാക്കാണ് ആരുക്കെങ്കിലും ഒരുപകരാവ്വാണങ്കിൽ അതായ്കൂടെ? ഉമ്മ പറഞ്ഞു.

അന്നുച്ചക്ക് ശേഷം വിട്ടിലെത്തിയപ്പോൾ ബുറാഖ് ഷെഡ്ഡിലില്ല. ഉമ്മ പറഞ്ഞു മീൻകാരനു സന്തോഷമായിട്ടോ. അയാള് കുറച്ചു പൈസയും തന്നു.

അഞ്ചാം വർഷം ബുറാഖിങ്ങനെ പറന്നു പോയി. പിന്നെ ഞാൻ മീൻകാരനെയോ, ബുറാഖിനെയോ കണ്ടിട്ടില്ല. ●